# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.927 05.03.2018 ൽ മറുപടിക്ക്**

**നേമം നിയോജക മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | ഉത്തരം<br>ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| എ) നേമം നിയോജക മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് കിഫ്ബി യിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | എ) | നേമം നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ<br>**നിരത്തുവിഭാഗം**<br>1. മണക്കാട് - ആറ്റുകാൽ റോഡ് വികസനം - 30കോടി രൂപ<br>2. കരമന — നെടുങ്കാട് - കാലടി റോഡ് വികസനം - 20 കോടി രൂപ<br>**കെട്ടിടവിഭാഗം**<br>നേമം മണ്ഡലത്തിലെ നിർദ്ദിഷ്ട രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം ഭരണാനുമതി 1980 ലക്ഷം രൂപയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ ഐ ജിയുടെ ആവശ്യപ്രകാരം പ്ലാൻ പുതുക്കുകയും റിവൈസ്ഡ് ഭരണാനുമതി പരിശോധനയിലുമാണ്. |
| ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച തുടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച ഫയലുകൾ ആരുടെ പക്കലാണ് ഉള്ളതെന്ന് വിശദമാക്കാമോ? | ബി) | മണക്കാട് - ആറ്റുകാൽ റോഡ് വികസനത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. കരമന — നെടുങ്കാട് - കാലടി റോഡ് വികസനത്തിന്റെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടത്തിയെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. മണക്കാട് - ആറ്റുകാൽ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയോടനുബന്ധിച്ച ഫയലുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലാണ്. കരമന — നെടുങ്കാട് - കാലടി റോഡ് വികസനത്തിന്റെ ഇൻവെസ്റ്റിഗേഷൻ ഫയലുകൾ തിരുവനന്തപുരം സിറ്റി റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലാണ്.<br>രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച ഫയൽ അനന്തര നടപടിയ്ക്കായി കെ.എസ്.സി.സി. -യ്ക്ക് കൈമാറിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ